സെക്രട്ടറിയേറ്റിലെ പട്ടികജാതിക്കാർ

ക്വ. (ന) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ പറയുന്ന വിഷയങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സെക്രട്ടറിയേറ്റിൽ ഇപ്പോഴുള്ള സ്റ്റാഫ്, സ്ഥിരം, ടെമ്പററി, ആക്ടിംഗ് എത്രവീതമെന്നും, ഓരോ വിഭാഗത്തിലും പട്ടികവർഗ്ഗത്തിൽ പെട്ടവർ എത്രവീതമെന്നും പറയുമോ;

(ബി) സെക്രട്ടറിയേറ്റ സൂപ്പീരിയർ സർവ്വീസിൽ തിരുവിതാംകൂർ, കൊച്ചി വിഭാഗങ്ങളിൽപ്പെട്ടവർ എത്രയെന്ന പ്രത്യേകം പറയുമോ;

(സി) നാളിതുവരെ വ്യയസംക്ഷേപീകരണാർത്ഥം സെക്രട്ടറിയേറ്റിൽനിന്നും പിരിച്ചുവിടപ്പെട്ടവരിൽ തിരുവിതാംകൂർ, കൊച്ചി വിഭാഗങ്ങളിലെ എത്രപേർ വീതമുണ്ടെന്ന പറയുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) & (ബി) ആവശ്യപ്പെട്ടിട്ടുള്ള വിവിധസ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനു വേണ്ടിവരുന്ന സമയവും ജോലിയും തൻമൂലം ഉണ്ടാകയ്ക്കാവുന്ന ഉപയോഗത്തിനനുരൂപമായിരിക്കുന്ന ശവമെന്നു കരുതുന്നില്ല.

(സി) ആരെയും പിരിച്ചുവിട്ടിട്ടില്ല.

TRANSFER OF N. G. Os.

19. [4] **Sri. C. V. Iyyu:** Will the Hon'ble the Chief Minister be pleased to state.—

(*a*) the number of N. G. Os. who were serving the erstwhile Cochin Government who were transferred to the Travancore area entered on privilege leave from the date of integration till the 1st September 1950;

(*b*) the number of N. G. Os. who were serving the erstwhile Travancore Government who were transferred to the Cochin area who have entered on privilege leave during the same period mentioned above;

(*c*) how many such N. G. Os. were refused promotion during leave period and how many were given promotions during their leave-periods showing separately the numbers of Cochin and Travancore N. G. Os.;

(*d*) how many such N. G. Os. of each of the above two States were refused such promotions on the ground of the expiry of leave and how many were granted promotion pay even after the expiry of leave; and

(*e*) the number of N. G. Os. of each State who got leave in time and the number who were not granted leave in time after the date of application?

Chief Minister **[Sri. T. K. Narayana Pillai]:** The time and labour involved in collecting the information is out of proportion to its possible utility.

ADJOURNMENT MOTIONS

മിസ്റ്റർ സ്പീക്കർ: എലിയാസ് (മേരിഞ്ഞൻറണി) ഇവിടെ ഒരു അടിയന്തിര പ്രമേയം ഫാജരാക്കിയിട്ടുണ്ട്. ഈ കഴിഞ്ഞ ഒക്ടോബർമാസം 4-ാംനു- "Ottayalkudi Thoppur in Neendakara A pakuthy, Agasteeswaram Taluk" എന്ന സ്ഥലത്തുള്ള Catholic Church (St. Arogyanathan Church) ൽ ആരോ ചിലർ ചില അക്രമപ്രവൃത്തികൾ നടത്തിയതുനിമിത്തം അവിടെയുള്ള ആളുകൾക്കു പല അസൗകര്യങ്ങളും നേരിട്ടിട്ടുള്ളതിനാൽ അതിനെ സംബന്ധിച്ച് അടിയന്തിരപ്രമേയംവഴി വാദപ്രതിവാദം നടത്തണമെന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സംഗതിയെപ്പറ്റിയുള്ള വിവരങ്ങൾ എന്തെങ്കിലും സർക്കാരുദ്യോഗസ്ഥനിന്നും പറയുവാനുണ്ടെങ്കിൽ പറയാം.

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഇതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ഒന്നുംതന്നെ ഗവർമ്മെണ്ടിനു ലഭിച്ചിട്ടില്ല. അവിടെ രണ്ടു കക്ഷികളുണ്ടായിരുന്നുവെന്നും, ആ രണ്ടുകക്ഷികൾ തമ്മിൽ വഴക്കുകളുണ്ടായി എന്നും, അവസാനം പോലീസ് അതിലിടപെട്ട രാജിയായി തീർന്നുവെന്നും ഉള്ള സംഗതികളല്ലാതെ മറ്റു യാതൊരു വിവരങ്ങളും ഗവർമ്മെണ്ടിനു ലഭിച്ചിട്ടില്ല. അതിനെപ്പറ്റി പോലീസ് അധികാരികളുടെ മുമ്പിലും യാതൊരു പരാതികളും ലഭിച്ചിട്ടില്ലെന്നാണ് അറിയുന്നത്.

ശ്രീ. വി. ഗംഗാധരൻ: ഇതു് ഏതു പള്ളിയാണ്?

മി. സ്പീക്കർ: അതാസ്പീശ്വരം താലൂക്കിലെ ഒരു പള്ളിയാണ്.

ശ്രീ. സി. വി. ഇയ്യു: ഇടവകക്കാർ തമ്മിലുള്ള വഴക്കല്ലേ?

മി. സ്പീക്കർ: അതെന്താണെന്നു നിശ്ചയമില്ല. അതിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങളൊന്നും ഈ സന്ദർഭത്തിൽ ഈ സഭയുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുവാൻ നിവൃത്തിയില്ലെന്നു കാണുന്നതുകൊണ്ടു് ഇതിനെപ്പറ്റി ഇവിടെ വാദപ്രതിവാദം നടത്താവുന്നതല്ല.

വേറെ ഒരു പ്രമേയംകൂടിയുണ്ടു്. "നെല്ലെടുപ്പു സംബന്ധിച്ചു പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ നിയമരഹിതമാണെന്നും, ക്ഷ്യവകുപ്പുമന്ത്രിയുടെ ഉത്തരവു റദ്ദുചെയ്തു് ഒരു റിപ്പോർട്ടു പുറപ്പെടുവിക്കണമെന്നും കുട്ടനാട്ടിലെ ഒരു പ്രമുഖകക്ഷിയായ മി. ജോസഫ് ചാക്കോ ഹൈക്കോടതിയിൽ ബോധിപ്പിച്ചിരുന്ന ഹർജി വാദം കേട്ടശേഷം ക്ഷ്യവകുപ്പുമന്ത്രി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവു റദ്ദുചെയ്തുകൊണ്ടു ബഹുമാനപ്പെട്ട ഹൈക്കോടതി കല്പന പുറപ്പെടുവിച്ചിരിക്കുന്നതുമൂലം ഈ രാജ്യത്തെ ക്ഷ്യപ്രശ്നത്തെ സംബന്ധിച്ചു് ഉളവായിരിക്കുന്ന ഗുരുതരമായ അടിയന്തിരാവസ്ഥയെപ്പറ്റി പ്രതിപാദിക്കുവാൻ ഈ സഭാനടപടികൾ നിർത്തിവെക്കണമെന്നാണ്" ഇതിൽ പറയുന്നതു്.

ശ്രീ. സി. വി. ഇയ്യു: ആരുടെ പ്രമേയമാണ്?

മി. സ്പീക്കർ: ഇതു ഹാജരാക്കിയിരിക്കുന്നതു ശ്രീ. ഇട്ടൂര അസൂക്കനാണ്. ഇതിനെപ്പറ്റിയുള്ള വിവരങ്ങൾ ഗവർമ്മെണ്ടുദ്യോഗസ്ഥനിന്നു് അറിയേണ്ടതുണ്ടു്.

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പു മന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: 'ഇങ്ങിനെയൊരു വിഷയത്തെപ്പറ്റി യാതൊരു വിവരങ്ങളും ഗവർമ്മെണ്ടിനു കിട്ടിയിട്ടില്ല. ഗവർമ്മെണ്ടിനെ നെല്ലെടുപ്പിനെപ്പറ്റിയുള്ള ഉത്തരവുകളൊന്നും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും റദ്ദുചെയ്തിട്ടില്ല. അതിനെ സംബന്ധിച്ചു് ഒരു വ്യക്തിയുടേയോ മറ്റൊരു പരാതിയുണ്ടായി എന്നല്ലാതെ പബ്ലിക്കിനെ ബാധിക്കുന്ന ഗുരുതരമായ കാര്യങ്ങൾ യാതൊന്നും ഉണ്ടായിട്ടില്ലെന്നാണ് എനിക്കു ബോധിപ്പിക്കുവാനുള്ളതു്.

ശ്രീ. ഇട്ടൂര അസൂക്കൻ: ഈ കാര്യത്തിൽ ഒരു ഹൈക്കോടതി വിധിയുണ്ടായിട്ടുണ്ടെന്നാണ് എനിക്കു് ഈ അടിയന്തിരപ്രമേയത്തെ സംബന്ധിച്ചിടത്തോളം പറയുവാനുള്ളതു്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഇവിടെ ഹാജരാക്കിയിട്ടുള്ള അടിയന്തിരപ്രമേയത്തെ സംബന്ധിച്ചു വേണ്ട വിവരങ്ങൾ ഗവർമ്മെണ്ടിനില്ലെന്നാണ് കാണുന്നതു്. ആ സ്ഥിതിക്കു ഗവർമ്മെണ്ടിന്റെ ഉത്തരവിനെപ്പറ്റിയോ അതു സാധുവാണോ അസാധുവാണോ എന്നുള്ളതിനെപ്പറ്റിയോ ഇവിടെ ഒരു വാദ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിവാദം ചെയ്യുവാൻ സാദ്ധ്യമല്ല. ഹൈക്കോടതിയിൽനിന്ന് അങ്ങിനെ ഒരുത്തരവുണ്ടായിട്ടുണ്ടെങ്കിൽ അടിയന്തിരാവശ്യമുണ്ടെന്നു കാണിച്ച് ഇങ്ങിനെ ഒരു പ്രമേയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും അതിനു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കുന്നതിനും ആക്ഷേപമുണ്ടാകുമായിരുന്നില്ല. ഇപ്പോൾ ലഭിച്ചിട്ടുള്ള അറിവിനെ മാത്രം അടിസ്ഥാനമാക്കി ഇതു് ഒരടിയന്തിരപ്രമേയമായി സ്വീകരിക്കുന്നതിനു നിവൃത്തിയില്ല.

ശ്രീ. ഇട്ടൂര അബൂക്കൻ: ഹൈക്കോടതിയിൽ ഉണ്ടായിട്ടുള്ള ജഡ്ജുമെൻറിന്റെ പകർപ്പോടുകൂടി.....

മി. സ്പീക്കർ: ഈ അവസരത്തിൽ ഈ വിഷയത്തെപ്പറ്റി ചർച്ചകൾ അനുവദിക്കത്തക്കതല്ല.

ശ്രീ. സി. വി. ഇസ്സു: ആ ഹൈക്കോടതി വിധിയുടെ ഒരു പകർപ്പു വരുത്തി ഈ സഭയെ അറിയിക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

Mr. Speaker: The Government and the Hon'ble Members are not, by reason of the present ruling, precluded from raising this question again on receipt of further information on the subject.

LEGISLATIVE BUSINESS

Announcement re: sending in Amendments to Bills

മി. സ്പീക്കർ: ആർഡർ, ആർഡർ. ഗവൺമെണ്ടു ലാൻഡു് അസൈൻമെൻറ് ബില്ലിന്റെ സെലക്ട് കമ്മിറ്റി റിപ്പോർട്ടും റിവൈസുചെയ്ത ബില്ലും ബഹുമാനപ്പെട്ട അംഗങ്ങൾക്കു് ഇന്നു കാലത്തു വിതരണംചെയ്തിട്ടുണ്ടു്. ഇതിനു ഭേദഗതികൾ അയയ്ക്കണമെന്നുദ്ദേശിക്കുന്നവർ നാളെ കാലത്തു പത്തുമണിക്കകം അവ സിക്രട്ടറിയെ ഏല്പിക്കേണ്ടതാണു്. അതിനുശേഷം ആ ബില്ലിനെപ്പറ്റി ആലോചിക്കാവുന്നതാണു്.

Sri. A. Thanu Pillai: I may submit for your consideration that, according to me, it is a Bill that will have to be very much amended. All that I wish to submit for your consideration is—I am sorry that you take the view that it is after all a small Bill and that therefore, it requires no serious attention. That is not right—that enough time may be given, because that requires consideration and time for giving notice of amendments.

Mr. Speaker: Time may be extended, if necessary.

Sri. A. Thanu Pillai: At least one day more.

Mr. Speaker: Amendments may be given notice of by the evening of tomorrow, so that the Bill may be taken up the day after. നാളെ പകൽ ഒമ്പതു മണിക്കു മുമ്പായിട്ടു് അമൻഡുമെൻറുകൾ കൊടുത്തിരിക്കേണ്ടതാണു്.

The Travancore-Cochin General Sales Tax (Amendment) Bill

Minister for Finance and Revenue **(Sri. A. J. John):** I submit that the presentation of the report of the Select Committee on the Travancore-Cochin General Sales-Tax Act (Amendment) Bill and its further stages be postponed to tomorrow.

Sri. A. Thanu Pillai: I rise to a point of order whether there is any provision providing for such a motion.

Mr. Speaker: It is not a regular motion. Although the Bill is included in today's agenda, the Minister in charge of it does not wish to proceed with it today, but proposes that it may be postponed to tomorrow. His request is allowed.

LIBRARY ARCHIVES Kerala Legislative Assembly